## നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

മി. സ്പീക്കർ: പയ്യന്നൂരിൽ പ്രതിഷേധം നടത്തിയ കോൺഗ്രസ്സ് പ്രവർത്തകരെ സി.പി.എം പ്രവർത്തകർ മർദിച്ച് പരിക്കേൽപ്പിച്ചുവെന്ന് പറയപ്പെടുന്ന സംഭവം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യുന്നതിന് പര്യാപ്തമായ അടിയന്തര പ്രാധാന്യം ഇല്ലാത്തതിനാൽ പ്രസ്തുത നോട്ടീസ് പരിഗണിക്കാൻ നിർവാഹമില്ലെന്ന് അറിയിക്കുന്നു. ആവശ്യമെങ്കിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. സജീവ് ജോസഫിന് ഇക്കാര്യം നോട്ടീസ് നല്കി ആദ്യ സബ്മിഷനായി ഉന്നയിക്കാവുന്നതാണ്.

(നടപടികൾ നിർത്തിവയ്ക്കണമെന്നുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇത് വളരെ ഗൗരവതരമായ വിഷയമാണ്. (ബഹളം)

മി. സ്പീക്കർ : പ്ലീസ്.. പ്ലീസ്.. ഫ്ലോർ ഓർഡറാക്കണം. ബഹുമാനപ്പെട്ട അംഗങ്ങൾ ഫ്ലോറിൽ ഇരിക്കുന്നില്ലെങ്കിൽ പ്രതിപക്ഷനേതാവിന് മൈക്ക്

കൊടുക്കുന്നതല്ല. (ബഹളം) അങ്ങയുടെ അംഗങ്ങളോട് സീറ്റിൽ ഇരിക്കാൻ പറയൂ.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): അങ്ങ് ചെയറിൽ ഇരുന്നുകൊണ്ട് മൈക്ക് തരില്ലെന്ന് പറയല്ലേ. ഇത് വളരെ ഗൗരവതരമായ വിഷയമാണ്. റൂൾ 50-യുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട വെളിപ്പെടുത്തലുണ്ടായപ്പോൾ, ഒരു എം.എൽ.എ.-യുടെ ഓഫീസിലേക്ക് മാർച്ച് നടക്കുമ്പോൾ സ്ത്രീകൾ അടക്കമുള്ളവരെ കുറുവടികൊണ്ട് ആക്രമിച്ച് നിരവധിപേർ ആശുപത്രിയിൽ കിടക്കുകയും ഇവരെയെല്ലാം കൊന്നൊടുക്കുമെന്ന് സി.പി.എം നേതാക്കാൾ പ്രഖ്യാപിക്കുകുകയും ചെയ്യുന്ന ഗൗരവതരമായ ഈ വിഷയം സഭയിലല്ലാതെ പിന്നെ എവിടെ പോയാണ് പറയുക. അങ്ങ് ഏത് പ്രൊവിഷന്റെ അടിസ്ഥാനത്തിലാണ് ടി വിഷയത്തിന് അടിയന്തര പ്രാധാന്യമില്ലെന്ന് പറഞ്ഞത്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനു മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം

വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടിക്രമങ്ങളിലേക്ക് കടന്നു.)